"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോഴിക്കോട് ജില്ലാപഞ്ചായത്തിലെ ഒന്നാംതരം ഓവർസിയർ ശ്രീ. നവീൻ രവി കെ.-യെ സസ്പെൻഡ് ചെയ്തതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1967/2026/LSGD തീയതി,തിരുവനന്തപുരം, 19-10-2026

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2026 തീയതിയായ LSGD/PD/18226/2026-VIGD5 നമ്പർ നടപടിക്രമം
2. ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട്-ന്റെ സി.എം.പി. 699/2026 -ലെ 27.06.2026-ലെ ഉത്തരവ്.
3. ഓവർസിയർ ശ്രീ. നവീൻ രവി കെ 30.06.2026 തീയതിയായി സമർപ്പിച്ച അപ്പീൽ
4. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.07.2026-ലെ C5(VC4/2026/KKD)57266/2026/DVACB നമ്പർ കത്ത്
5. ഓവർസിയർ ശ്രീ. നവീൻ രവി കെ. ബഹു. KAT മുൻപാകെ ഫയൽ ചെയ്ത OA(EKM)960/2026.
6. അഡ്വക്കേറ്റ് ജനറലിന്റെ 17.07.2026-ലെ A2-OAEKM 960/2026/2026093500 നമ്പർ കത്ത്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.08.2026-ലെ LSGD/PD/18226/2026-VIGD5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ 09.06.2026-ൽ നടന്ന വിജിലൻസ് പരിശോധനയിൽ ഒന്നാംതരം ഓവർസിയർ ശ്രീ. നവീൻ രവി കെ.(PEN-678567)-യുടെ പക്കൽ നിന്ന് കണക്കിൽപ്പെടാത്ത പണം വിജിലൻസ് കണ്ടെടുത്തതിനെത്തുടർന്ന് ടിയാളെ വിജിലൻസ് കസ്റ്റഡിയിൽ എടുത്തതായും, ശ്രീ. നവിൻ രവിയെ ബഹു.കോടതി 09.06.2026-ൽ റിമാൻഡ് ചെയ്തിട്ടുള്ളതായും കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ടിയാളെ സസ്പെൻഡ് ചെയ്തിരുന്നു.

2. ഓവർസിയർ ശ്രീ. നവീൻ രവി കെ.-യ്ക്കെതിരെ VC-04/2026/KKD നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും, ശ്രീ. ഷാനവാസ് കെ.കെ PWD കോൺട്രാക്ടറായി നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനയ്ക്കുശേഷം ആയതിന്റെ ബില്ലുകൾ മാറ്റിയെടുക്കുന്നതിന് ഓവർസീയറായ ശ്രീ. നവീൻ രവി 10,000/- രൂപ കൈക്കൂലിയായി ആവശ്യപ്പെട്ടുവെന്നാണ് കുറ്റച്ചുരുക്കമെന്നും, ടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ് എന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (4) മുഖേന അറിയിച്ചിട്ടുണ്ട്.

3. സസ്പെൻഷൻ ഉത്തരവിനെതിരെ ഓവർസീയർ ശ്രീ. നവീൻ രവി കെ. പരാമർശം (3) അപ്പീൽ സമർപ്പിച്ചു. ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട് പരാമർശം (2) ഉത്തരവ് പ്രകാരം തനിക്ക് സാധാരണ ജാമ്യം അനുവദിച്ചിട്ടുണ്ടെന്നും, തന്നെ സർവീസിൽ തിരിച്ചെടുക്കുന്നത് ഇതുമായി ബന്ധപ്പെട്ട VC04/2026/KKD വിജിലൻസ് കേസിന്റെ അന്വേഷണത്തെ ബാധിക്കുകയില്ല എന്നും അപേക്ഷകൻ അറിയിച്ചിരിക്കുന്നു.

4. അപ്പീൽ അപേക്ഷ പരിഗണിക്കണമെന്നും, തന്നെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കണമെന്നും സർക്കാരിനും (R1) പ്രിൻസിപ്പൽ ഡയറക്ടർക്കും (R2) നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഓവർസിയർ ശ്രീ. നവീൻ രവി കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM) 960/2026 ഫയൽചെയ്യുകയും ചെയ്തിട്ടുണ്ട്.

5. അപ്പീൽ അപേക്ഷ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസിൽവെച്ച് കണക്കിൽപ്പെടാത്ത പണം സഹിതം വിജിലൻസ് പിടിയിലാവുകയും തുടർന്ന് റിമാൻഡിലാകുകയും ചെയ്തത് ഗൗരവമേറിയ അച്ചടക്കലംഘനവും വകുപ്പിന് അവമതിപ്പ് ഉണ്ടാക്കുന്നതുമായ പ്രവൃത്തിയുമാണ് എന്നും ടിയാൾക്കെതിരെയുള്ള വിജിലൻസ് കേസിന്റെ അന്വേഷണം പ്രാരംഭഘട്ടത്തിലാണ് എന്നും ഈ സാഹചര്യത്തിൽ ടിയാളെ സർവീസിൽ തിരിച്ചെടുത്താൽ, ഓഫീസിലെ ഔദ്യോഗിക രേഖകളിൽ തിരിമറി നടത്താനും സാക്ഷികളെ സ്വാധീനിക്കാനും വിജിലൻസ് അന്വേഷണപ്രക്രിയ തടസപ്പെടുത്താനും സാധ്യതയുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അഴിമതി ആരോപണത്തിന് വിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണം പൂർത്തിയാകുന്നതിന് മുൻപ് സർവീസിൽ തിരിച്ചെടുക്കുന്നത് മറ്റ് ജീവനക്കാർക്കിടയിൽ തെറ്റായ സന്ദേശം നൽകും എന്നും നിലവിലെ സാഹചര്യത്തിൽ ശ്രീ. നവീൻ രവി കെ. നൽകിയ അപ്പീൽ ഹർജിയിൽ അനുഭാവപൂർവ്വമായ പരിഗണന നൽകുന്നത് ഉചിതമല്ലെന്നും അതിനാൽ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാകുന്നതുവരെയോ കോടതിയിൽ നിന്ന് അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെയോ ടിയാൾ സമർപ്പിച്ച അപ്പീൽ ഹർജി പരിഗണിക്കേണ്ടതില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

6 . സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഓഫീസിൽവെച്ച് കണക്കിൽപ്പെടാത്ത പണം സഹിതം വിജിലൻസ് പിടിയിലാവുകയും റിമാൻഡിലാകുകയും ചെയ്ത ഗൗരവമേറിയ അച്ചടക്കലംഘനത്തെത്തുടർന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ ഓവർസിയർ ശ്രീ. നവീൻ രവി കെ.-യെ സസ്പെന്റ് ചെയ്തിട്ടുള്ളത് എന്നും, ടിയാൾക്കെതിരെയുള്ള VC-04/2026/KKD വിജിലൻസ് കേസിന്റെ അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ ടിയാളെ സർവീസിൽ തിരിച്ചെടുത്താൽ, ഓഫീസിലെ ഔദ്യോഗിക രേഖകളിൽ തിരിമറി നടത്താനും സാക്ഷികളെ സ്വാധീനിക്കാനും വിജിലൻസ് അന്വേഷണപ്രക്രിയ തടസപ്പെടുത്താനും സാധ്യതയുണ്ട് എന്നും അഴിമതി ആരോപണത്തിന് വിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണം പൂർത്തിയാകുന്നതിന് മുൻപ് സർവീസിൽ തിരിച്ചെടുക്കുന്നത് മറ്റ് ജീവനക്കാർക്കിടയിൽ തെറ്റായ സന്ദേശം നൽകും എന്നും ബോധ്യപ്പെടുന്നു. കൂടാതെ, വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും, അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തതതിന്റെയടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്തതാണെന്നതിനാൽ ടിയാന്റെ സസ്പെൻഷൻ പിൻവലിയ്ക്കുന്ന കാര്യത്തിൽ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. ടിയാന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയിൽ നിന്ന് നിലവിൽ അഭിപ്രായങ്ങൾ ഒന്നും തന്നെ സർക്കാരിന് ലഭിച്ചിട്ടില്ല.

7. മേൽ സാഹചര്യത്തിൽ, പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള സസ്പെൻഷൻ ഉത്തരവിനെതിരെ ഓവർസീയർ ശ്രീ. നവീൻ രവി കെ.(PEN-678567), 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള അപ്പീലിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ. നവീൻ രവി കെ.(PEN-678567), മുൻ ഓവർസിയർ, കോഴിക്കോട് ജില്ലാപഞ്ചായത്ത് **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖകത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. വിജിലൻസ് വകുപ്പ് **(VC04/2026/KKD നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണ പുരോഗതിയും, സസ്പെൻഷൻ റിവ്യൂ കമ്മറ്റി തീരുമാനമാകുന്ന പക്ഷം ആയതും ലഭ്യമാക്കുന്നതിനായി)**
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/42/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 20-10-2026
10:15:56

സെക്ഷൻ ഓഫീസർ